# പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഫെബ്രുവരി 12, തിങ്കൾ

**നമ്പർ 128**

രാവിലെ 9.00-ന് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

ഗവർണറുടെ സന്ദേശം :

2024 ജനുവരി 31-ന് സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് ഗവർണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു.

അടിയന്തരപ്രമേയം :

വയനാട് ചാലിഗദ്ദയിൽ നാട്ടിലിറങ്ങിയ കാട്ടാന ട്രാക്ടർ ഡ്രൈവറായ അജീഷിനെ വീട്ടുമുറ്റത്ത് വച്ച് ചവിട്ടിക്കൊന്ന സംഭവംമൂലം വനയോര മേഖലയിലെ ജനങ്ങളിൽ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥയും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് നെല്ലിന്റെ വില യഥാസമയം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ഡി. പ്രസേനൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.371/2024(i)

(2) വായ്പാകുടിശിക കാരണമുള്ള ജപ്തി നടപടികൾ മൂലം ജനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സജീവ് ജോസഫ് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം തീരദേശത്ത് ടെട്രാ പോഡ് കടൽഭിത്തി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീമതി കാനത്തിൽ ജമീല | കോരപ്പുഴ മുതൽ മൂരാട്പാലം വരെയുള്ള റെയിൽവേ ട്രാക്കിനിരുവശത്തും സഞ്ചാര സ്വാതന്ത്ര്യം പുനഃസ്ഥാപിക്കൽ | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5 | ശ്രീ. ഡി. കെ. മുരളി | പൊന്മുടി ഗവ. യു.പി. സ്കൂളിന് ചുറ്റുമതിൽ | വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 6 | ശ്രീ. മോൻസ് ജോസഫ് | കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 7 | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ ഉദ്യാന നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. കെ. പ്രശാന്ത് | തിരുവനന്തപുരം നഗരത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ.പി.എ. മജീദ് | തിരൂരങ്ങാടിയിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ അഭാവം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം പ്രവർത്തി | ധനകാര്യ വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം :

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ചിറ്റയം ഗോപകുമാർ, ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. ഡി. കെ. മുരളി

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. പി. എസ്. സുപാൽ

ശ്രീ. മഞ്ഞളാംകുഴി അലി

ഡോ. എൻ. ജയരാജ്

ശ്രീമതി കെ. കെ. രമ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. മുരളി പെരുനെല്ലി

ഡോ. മാത്യു കുഴൽനാടൻ

ശ്രീമതി ശാന്തകുമാരി കെ.

(ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗം പൂർത്തിയാക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എം. നൗഷാദ്

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. കെ. ബാബു (*നെന്മാറ*)

ചർച്ച പൂർത്തിയായില്ല.

2024 ഫെബ്രുവരി 13 -ാം തീയതി, ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 3.05 - ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, February 12, 2024*

**No. 128**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Message from the Governor:*

The Speaker reported to the House the Governor's reply to the Motion of Thanks which was adopted by the House on 31st January 2024.

*Adjournment Motion:*

After hearing the Minister for Forest and Wildlife the Speaker withheld consent to the moving of an adjournment motion given notice of by Shri T. Siddique and five other Members to the insecurity and concern reported to have arisen among the people living adjacent to forest region owing to the trampled death of a tractor driver Ajeesh by a wild elephant in Chaligadda, Wayanad.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri K. D. Prasenan called the attention of the Minister for Food and Civil Supplies to the necessity to take steps to procure paddy more effectively and for providing timely disbursement of price of it to the farmers. The Minister made a statement thereto.

KNPP.371/2024(ii)

2. Shri Sajeev Joseph called the attention of the Minister for Finance to the necessity to address the concern of the public reported to have arisen on the attachment proceedings due to default in loans. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം തീരദേശത്ത് ടെട്രാ പോഡ് കടൽഭിത്തി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി.യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീമതി കാനത്തിൽ ജമീല | കോരപ്പുഴ മുതൽ മൂരാട്പാലം വരെയുള്ള റെയിൽവേ ട്രാക്കിനിരുവശത്തും സഞ്ചാര സ്വാതന്ത്ര്യം പുനഃസ്ഥാപിക്കൽ | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5 | ശ്രീ. ഡി. കെ. മുരളി | പൊന്മുടി ഗവ. യു.പി. സ്കൂളിന് ചുറ്റുമതിൽ | വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 6 | ശ്രീ. മോൻസ് ജോസഫ് | കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 7 | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ ഉദ്യാന നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. കെ. പ്രശാന്ത് | തിരുവനന്തപുരം നഗരത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ.പി.എ. മജീദ് | തിരൂരങ്ങാടിയിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ അഭാവം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം പ്രവർത്തി | ധനകാര്യ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business:*

The General discussion on the budget for the financial year 2024-25 commenced. The following members took part in the discussion.

Shri Chittayam Gopakumar, Deputy Speaker

Shri D. K. Murali

Shri Ramesh Chennithala

Shri P. S. Supal

Shri Manjalamkuzhi Ali

Dr. N. Jayaraj

Smt. K. K. Rema

Shri Linto Joseph

Shri T. I. Madhusoodanan

Shri Ahammad Devarkovil

Shri Murali Perunelly

Dr. Mathew Kuzhalnadan

Smt. Santhakumari K.

(The Members belonging to opposition staged a walkout since Dr. Mathew Kuzhalnadan was not allowed to finish his speech.)

Shri Xavier Chittilappilly

Shri M. Noushad

Shri N. Samsudheen

Shri E. K. Vijayan

Shri P. C. Vishnunadh

Shri K. Babu (*Nenmara*)

The discussion was inconclusive

The House adjourned at 3.05 p.m. to meet again at 9.00 a.m. on Tuesday, February 13, 2024.

SHAJI C. BABY,
*Secretary-in-Charge.*